**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**
**Hazrat Khalifathullah Munir Ahmad Azim (A)**
**28 July 2017 / 04 Dhul Qaddah 1438 Hijira)**

# Controversy on the Word Jihad / വിവാദാസ്പദമായ ജിഹാദ് എന്ന വാക്കിനെപ്പറ്റി പറയാതെ വയ്യ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം വിവാദാസ്പദമായ ജിഹാദ് എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

2017 ലെ ജൂലൈ 18-ാം തീയതി ചൊവ്വാഴ്ച ഫ്ളാക്കിൽ വെച്ചു നടത്തിയ ഈദുൽഫിത്ർ ആഘോഷങ്ങൾക്കിടയിൽ ഉപപ്രധാന മന്ത്രിയായ ഷൗക്കത്തലി സുദൂർ ഇസാല്മിന്റെ മൂല്യങ്ങൾക്കും മഹത്വത്തിനും നിരക്കാത്ത നിലയിൽ പരാമർശിക്കപ്പെട്ട വാക്കുകൾ ഇസ്ലാമിന് വളരെയധികം കളങ്കം ചാർത്തിയിരിക്കുന്നു. അദ്ദേഹം പ്രസ്തുത വാക്കുകളിലൂടെ ഇസ്ലാമിന്റ മേൽ മലിന വസ്തുക്കൾ വാരി എറിയുകയായിരുന്നു. ഒരു യഥാർത്ഥ മുസ്ലിം ചെയ്യേണ്ട നിലയിലുള്ള പ്രവർത്തി അല്ല അദ്ദേഹം ചെയ്തത് എന്ന് പറയാതിരിക്കാൻ വയ്യ. ഇസ്ലാമിന്റ മൂല്യങ്ങളെക്കുറിച്ച് പ്രതിപാദിക്കേണ്ടതാണ് എന്ന കരുതിയ ഒരു സമ്മേളന വേദിയിൽ, അദ്ദേഹം ഈ മോശം വാക്ക് പറയുവാൻ ധൈര്യം കാണിച്ചിരിക്കുന്നു ? എന്താണ് അവിടെ സംഭവിച്ചത് ? അദ്ദേഹം അവിടെ പറഞ്ഞവാക്കുകൾ, അനേകം മൗലാനാമാർ അണിനിരന്ന പ്രസ്തുത സദസ്സിൽ, പ്രതിപക്ഷനേതാവായ സേവിയർ ലക്ക് ഡുവൽനെതിരിൽ വളരെ മോശം ഭാഷയിൽ അബദ്ധങ്ങൾ എഴുന്നള്ളിക്കുകയായിരുന്നു. അത്തരം വാക്കുകൾ ഉപയോഗിക്കുവാൻ പാടില്ല എന്ന് പറയുവാൻ ഒരാൾ പോലും അവിടെ തയ്യാറായില്ല എന്നത് ലജ്ജാകരമായ

കാര്യമായിപ്പോയി.

സൗദി അറേബ്യയക്ക് അനുകൂലമായി (ഖത്തറുമായുള്ള നിസ്സഹരണത്തിന്) ഖത്തറുമായുള്ള എല്ലാ ബന്ധങ്ങളും അവസാനിപ്പിക്കുവാൻ അദ്ദേഹം തന്നെ മുൻകൈ എടുക്കുകയും, ഇതു സംബന്ധമായി ഒരു ചോദ്യം പാർലമെന്റിൽ ഉന്നയിക്കുന്നതിനും, ബഹുജനരോഷമുണർത്തുന്നതിനും അദ്ദേഹം തന്നെയാണ് പ്രാരംഭമിട്ടത്. സൽമാൻ രാജാവിനെ താഴ്ത്തിക്കെട്ടാൻ പ്രതിപക്ഷനേതാവ് ചില പരാമർശങ്ങൾ നടത്തിയിരുന്നു. അതാണ് ഉപപ്രധാനമന്ത്രിയായ സുദൂനെ ചൊടിപ്പിച്ചത്. അങ്ങനെ ഫ്ളാക്കിൽ സംഘടിപ്പിച്ച ഈദുൽഫിത്ർ രാഭക്ഷണ ആഘോഷവേളയിൽ, അദ്ദേഹം താഴെപറയുന്ന പ്രഖ്യാപനം നടത്തുകയുണ്ടായി. (പാർലമെന്റിൽ പരസ്യമായ കാര്യത്തെപറ്റി) എന്റെ അംഗരക്ഷകൻ ഒരു റിവോൾവർ എനിക്ക് നല്കിയിരുന്നവെങ്കിൽ, സേവിയർ ഡൂവൽനെ പാർലമെന്റിൽ വെച്ച് കൊല്ലുമായിരുന്നു. ഞാനദ്ദേഹത്തെ കൊല്ലുമായിരുന്നു. ഇതാണ് ജിഹാദ് എന്ന് പറയുന്നത്. കാരണം എനിക്ക് സൗദി അറേബ്യയുമായി വളരെ നല്ല ബന്ധമാണുള്ളത്.

അദ്ദേഹത്തിന്റെ വിഡ്ഢിത്വം മൂലം ഉപ പ്രധാനമന്ത്രി സൂദൂൺ പ്രതിപക്ഷ നേതാവിന്റെ നേരെ വധഭീഷണിയാണ് മുഴക്കിയത്. പ്രസ്തുത ഭീക്ഷണിയെ അദ്ദേഹം ഇസ്ലാമുമായി ബന്ധിപ്പിച്ചു. ജിഹാദ് എന്ന വാക്കിനെ ഉപയോഗപ്പെടുത്തികൊണ്ട് ! ബഹുജനധാർമ്മിക രോഷമുണർത്തുന്ന ഒരു പ്രവർത്തിക്ക് അദ്ദേഹം തുടക്കം കുറിച്ചു. പ്രസ്തുത തർക്കത്തിന്റെ അപരാധി ഉപപ്രധാന മന്ത്രി സുദൂൺ തന്നെയാണ്. ഖത്തറിനെതിരെയുള്ള ഈ പ്രശ്നം പുറത്തുവിട്ടത് അദ്ദേഹമായിരുന്നു. യഥാർത്ഥത്തിൽ ഇത് അദ്ദേഹം ചെയ്യേണ്ടതല്ലായിരുന്നു.ഈപ്രശ്നം പുറത്തു വിടേണ്ടതുണ്ടായിരുന്നുവെങ്കിൽ, ഈ വിഷയം സംബന്ധമായി പ്രധാനമന്ത്രിയോ അല്ലെങ്കിൽ വിദേശകാര്യ മന്ത്രിയോ ഇതിൽ ഇടപെടേണ്ടതായിരുന്നു. ഉപപ്രധാനമന്ത്രി സുദൂൺ തെറ്റായ നിലയിലാണ് ഇതിൽ ഇടപെട്ടത്. 2017 ജൂൺ 6-ാം തീയതി ഈ പ്രശ്നത്തിൽ

ഇടപെട്ടത് അബ്ദ്ധം എഴുന്നള്ളിച്ചു കൊണ്ടായിരുന്നു. അദ്ദേഹം ഇതിനായി ഉപയോഗപ്പെടുത്തിയ ഈദാഘോഷഫ്ളാറ്റ്ഫോം ആയിരുന്നു. ഈ പ്രശ്നത്തിന്റെ പേരിൽ ഒരു വധഭീഷണിയും അതിൽ ജീഹാദ് എന്ന വാക്കിന്റെ പ്രയോഗവും !

അദ്ദേഹം ഉപയോഗിച്ച വാക്ക് വംശീയ വിദ്വേഷത്തിന് പ്രേരണ നല്കുന്ന പദമാണ്. അനേകം സംസ്ക്കാരങ്ങളും മതങ്ങളും തോളുരുമി കഴിയുന്ന മഴവില്ല് രാജ്യമാണ് മൗറിഷ്യസ് ! ഇവിടെയെല്ലാ മതവിശ്വാസികളും സൗഹൃദത്തിൽ ജീവിക്കുന്നവരാണ്. ഓരോരുത്തരും മറ്റുള്ളവരുടെ മതത്തെ ആദരിക്കുന്നവരാണ്. എന്നാൽ സൂദുൺ ഉപയോഗിച്ച ഈ വാക്കുകളിലൂടെയുള്ള തെന്നൽ ഓരോ ദിനം പിന്നുടുമ്പോഴും തർക്കത്തിന്റെ ജ്വാല ആളികത്തിക്കുകയാണ്. കാരണം സൂദുണിനെ പോലുള്ള ഒരാളിന്റെ ഒരു വാക്കിലൂടെ മുറിവേല്ക്കപ്പെടുന്നത് (ലക്ഷ്യമാക്കപ്പെടുന്നത്) ഇസ്ലാമാണ്. ഇസ്ലാമതം, അതിന്റെ അതിമഹത്തായ അധ്യാപനങ്ങളിൽപെട്ടതാണ്, അത് പ്രബോധിക്കുന്ന സമാധാന സന്ദേശം (വാളുപയോഗിക്കുന്ന മതമല്ല ഇസ്ലാം) സമാധാന പൂർണ്ണമായ ഒരു ജീവീതമാണ് അത് പ്രഘോഷിക്കുന്നത്. അപ്പോൾ മാത്രമാണ് നിങ്ങളുടെ സമാധാന പൂർണ്ണമായ പെരുമാറ്റത്തിലൂടെ മാത്രമെ (മുസ്ലിംകളുടെ) മറ്റുള്ളവർക്ക് സമാധാനം ആർജ്ജീക്കുവാൻ സാധിക്കുകയുള്ളു.

പ്രതിപക്ഷ നേതാവ്, ഉപപ്രധാനമന്ത്രി ഷൗക്കത്തലി സൂദുണിന്റെ മേൽ, കുറ്റം ആരോപിച്ചിരിക്കുകയാണ് (ചുമത്തിയിരിക്കുകയാണ്) ശിക്ഷാനിയമത്തിലെ 288 -ാം ആർട്ടിക്കിൾ അദ്ദേഹം ലംഘിച്ചിരിക്കുന്നു. സൂദുൺ, സേവിയർ സുവൽന്റെ മേൽ ചാർത്തിയ, തെറ്റായ ആരോപണങ്ങൾ അദ്ദേഹം തള്ളിപറഞ്ഞിരിക്കുകയാണ്. ഉപപ്രധാനമന്ത്രി സൂദുൺ, തെറ്റായനിലയിൽ, പ്രതിപക്ഷ നേതാവിന്റെ മേൽ ചാർത്തിയ ആരോപണങ്ങളെല്ലാം അദ്ദേഹം തള്ളികളഞ്ഞിരിക്കുന്നു. പ്രതിപക്ഷ നേതാവ് സൗദി അറേബ്യയ്ക്കെതിരിലോ, മുസ്ലിം വിശ്വാസത്തെയോ എതിർത്ത് ഒരക്ഷരം പോലും പറഞ്ഞിട്ടില്ല. ആയതിനാൽ പ്രതിപക്ഷനേതാവ്, ഉപപ്രധാനമന്ത്രിക്കെതിരിൽ, ഭീകരവാഴ്ച തടയൽ നിയമത്തിൽ കീഴിൽ ഒരു കേസ്

ഫയൽ ചെയ്തിരിക്കുകയാണ്. ഉപപ്രധാനമന്ത്രി സൂദൂൺ, പ്രതിപക്ഷ നേതാവിന്റെ മേൽ വധഭീഷണി മുഴക്കിയതിന്റെ പേരിലാണ് അദ്ദേഹം പരാതി സമർപ്പിച്ചിരിക്കുന്നത്.

ജിഹാദ് എന്ന വാക്കിന്റെ അർത്ഥം അറിയാതെയാണ് ഉപപ്രധാനമന്ത്രി സൂദുൺ, അതുപയോഗിച്ചതെങ്കിൽ, അറിയാതെ എന്തുകൊണ്ട് ഉപയോഗിച്ചു ? ജിഹാദ് എന്ന വാക്കിന്റെ അർത്ഥം യഥാർത്ഥത്തിൽ അദ്ദേഹത്തിന്നറിയാമോ? ബഹുജനധാർമ്മിക രോഷമുയർത്തുന്ന ഈ പ്രശ്നം ഉണ്ടായതു ജിഹാദിനെ കുറിച്ച്, ജനങ്ങൾ അവരുടെ അജ്ഞതകൊണ്ട് ഈ വിഷയത്തെപറ്റി സംസാരിക്കുന്നതുകൊണ്ടാണ്. ഇതിലൂടെ അവർ ഇസ്ലാമിനെതിരിലാണ് സംസാരിക്കുന്നത് എന്നവർ മനസ്സിലാക്കുന്നില്ല ! ചിലർ പറയുന്നത് ജിഹാദ് എന്നാൽ അക്രമാസക്തമായ പെരുമാറ്റമാണ്. കൊലയാണ്, രക്തം ചീന്തലാണ്, അങ്ങനെ പലതും. വളരെ സങ്കടകരമായ കാര്യം (ഇതു സംബന്ധമായി) ജിഹാദിന്റ യഥാർത്ഥ അർത്ഥം പറഞ്ഞു കൊടുക്കുവാൻ ഒരു മൗലാനായ്ക്കും കഴിയുന്നില്ല എന്ന സത്യം അവശേഷിക്കുന്നു.

ആയതിനാൽ നിങ്ങൾ മനസ്സിലാക്കുക ! നിങ്ങൾ ഇസ്ലാമിൽ ബിദ് അത്തുകൾ സൃഷ്ടിക്കുമ്പോൾ, ഈ ബിദ്അത്തുകൾ നിങ്ങളെ എങ്ങോട്ടാണ് നയിക്കുന്നത് ? ഈദ് പാർട്ടികളും, ഈദ് സദ്യകളും സംഘടിപ്പിക്കുവാൻ ഈ ആളുകൾ എവിടെ നിന്നാണ് പഠിച്ചത് ? രാഷ്ട്രീയ പാർട്ടികളിലെ ആളുകളെ ക്ഷണിച്ച് ഇത്തരം പരിപാടികളെ രാഷ്ട്രീയവൽക്കരിക്കുവാൻ നിങ്ങൾക്ക് ആരാണ് അനുവാദം തന്നത്? ഈദുൽഫിത്ർ കഴിഞ്ഞിട്ട് ഒരു മാസത്തിലേറെയായി എന്നിട്ട് അവർ ഇപ്പോഴും ഈദ്പാർട്ടികൾ സംഘടിപ്പിക്കുന്നു ? ഈ കാര്യങ്ങളൊക്കെ ചെയ്യുവാൻ ഹസ്ത് മുഹമ്മദ് (സ) നിങ്ങൾക്ക് അനുവാദം തന്നുവോ ? അദ്ദേഹം ഇപ്രകാരം ആഘോഷിച്ചിരുന്നുവോ ? റമദാൻ മാസത്തിൽ നിന്നും നാം എന്തു പാഠമാണ് പഠിച്ചത് ? ഇതു സംബന്ധമായി റമദാൻ മാസത്തിലും അതിനുശേഷവും ഞാൻ സംസാരിച്ചിട്ടുണ്ട്. അതായത് റമദാൻ

അനുഗ്രഹീതമായ ഒരു മാസമാണ്. അതിൽ നിങ്ങൾ ആത്മീയമായ ഒരു വലിയ സ്നാനമാണ് നടത്തിയിട്ടുള്ളത്. അല്ലാഹു (ത) ചെയ്യുവാൻ പറഞ്ഞതൊക്കെ നിങ്ങൾ ചെയ്തു. അതെല്ലാം ആരാധനകളായിരുന്നു. റമദാൻ മാസത്തിന് ശേഷം, വ്രതാനുഷ്ഠാനം അവസാപ്പിച്ചശേഷം അല്ലാഹു (ത) നിങ്ങളോട് തൃപ്തനായി നിങ്ങൾക്ക് സന്തോഷിക്കുവാനായി ഒരു ദിനവും പ്രദാനം ചെയ്തു. അതിനാണ് നാം ഈദ് എന്ന് പറയുന്നത്.

ഈദുൽഫിത്ർ എന്നത് ഒരു ദിവസത്തെ ആഘോഷം മാത്രമാണ്. അടുത്ത ദിവസം (ഈദിന് ശേഷം) തനിക്ക് പുരുഷനാകട്ടെ സ്ത്രീ ആകട്ടെ അവർക്ക് നഷ്ട്പ്പെട്ടുപോയ റമദാൻ വ്രതാനുഷ്ഠാനം പൂർത്തിയാക്കാവുന്നതാണ്. അപ്രകാരം റമദാൻ നോമ്പ് നഷ്ടപ്പെട്ടിട്ടില്ലാത്തവർക്ക് സുന്നത്തു നോമ്പുകൾ നോക്കാവുന്നതാണ്. അതുപോലെ റമദാൻ മാസം ഒരു പരിശീലിന മാസമാണ്. റമദാനു ശേഷം വരുന്ന 11 മാസങ്ങളിൽ നല്ല പ്രവർത്തനങ്ങൾ തുടരുവാനും പൂർത്തിയാക്കുവാനുമുള്ള പരിശീലിന മാസം. ഈ മാസത്തിലെ ഏറ്റവും നല്ല അധ്യാപനം, നിങ്ങൾ ഒരു നല്ല മനുഷ്യനായിതീരുക എന്നതാണ്. സത്യസന്ധമായ മനുഷ്യനായിതീരുക; നിങ്ങൾ ഒരിക്കലു വഴക്കുണ്ടാക്കുന്നവനായി തീരരുത്. റമദാൻ മാസം നമ്മെ പഠിപ്പിച്ചിട്ടില്ലേ ? നമ്മോട് ആരെങ്കിലും കലഹത്തിനു വരുകയാണെങ്കിൽ, നാം നോമ്പുകാരാണ് എന്ന് പറഞ്ഞ് വഴക്കിന് വിരമമിടേണ്ടതല്ലേ ? മുസ്ലിം എന്ന നിലയിൽ, ഉപപ്രധാനമന്ത്രിയായ സൂദുൺ ചെയ്തത് യഥാർത്ഥത്തിൽ പരിതാപകരമായ കാര്യമല്ലേ ? എടുത്തുപറയേണ്ട കാര്യം റമദാൻ കഴിഞ്ഞ ഉടനെ തന്നെ, ഈദുൽ ഫിത്റിന്റെ പേരിൽ ഒരു പാർട്ടി സംഘടിപ്പിക്കുന്നതിനിടയിൽ പ്രസ്തുത പാർട്ടിയെ രാഷ്ട്രീയവൽക്കരിച്ചു, അങ്ങനെ ഈദുൽഫിത്റിന്റെ ഉദ്ദേശം തന്നെ ഇല്ലാതാക്കി, ഈദുൽഫിത്ർ മുസ്ലിംകളെ സംബന്ധിച്ചടത്തോളം പരിപാപനമായ ഒരു ആഘോഷമാണ്. ഒരു മാസത്തെ വ്രതാനുഷ്ഠാനത്തിനു ശേഷം പ്രസ്തുത വ്രതാനുഷ്ഠാനത്തിൽ നാം എല്ലാ വിധ ത്യാഗങ്ങളും വരിച്ചു. അല്ലാഹുവിന്റെ തൃപ്തിയ്ക്കായി, തീർച്ചയായും ഈദുൽഫിത്ർ അത്തരം ത്യാഗങ്ങൾ വരിച്ചവർക്കു വേണ്ടിയുള്ളതാണ്. പരിശുദ്ധ

റമദാൻ മാസത്തിൽ അനുഗ്രഹീത വ്രതാനുഷ്ഠാന നാളുകളിൽ , അല്ലാഹുവിനു വേണ്ടി ജീവിച്ചവർക്കുള്ള തങ്ങളുടെ സൃഷ്ടാവിനു വേണ്ടി ദിനരാത്രങ്ങൾ കഴിച്ചവർക്കുള്ള സന്തോഷദിനമാണ് ഈദുൽഫിത്ർ

നമ്മുടെ ഈദുൽഫിത്ർ ദിനത്തിലെ ആഘോഷങ്ങളിൽ, രാഷ്ട്രീയക്കാർ, മുല്ലാക്കളുമായി ചേർന്ന് എന്താണ് ചെയ്യുന്നതെന്ന് നോക്കുക. അനുഗ്രഹീതമായ റമദാൻമാസത്തിന്ശേഷം സൂദൂൺ ഉപയോഗിച്ച ഭാഷ ഏതുരീതിയുള്ളതാണെന്ന് നോക്കുക. തീർച്ചയായും അല്ലാഹു (ത) ഈദുൽഫിത്ർ ആഘോഷം നല്കിയിരിക്കുന്നത്. മുത്തഖീങ്ങൾക്കു വേണ്ടിയാണ് (ഹൃദയത്തിൽ അല്ലാഹുവിനെ കുറിച്ച് ഭയമുള്ളവർക്ക് !) അത് തികച്ചും സംതൃപ്തിയുടെ ദിനമാണ്. ഈ ഈദുൽഫിത്ർ പാർട്ടിയുടെ പേരിൽ, ഒരു സദസ്സുണ്ടാക്കുകയും എന്നിട്ട് ഉപപ്രധാനമന്ത്രി സൂദുനെ പോലുള്ളവർക്ക് ഇസ്ലാമിന്റെ സുന്ദരമായ അധ്യാപനങ്ങളെ ചവിട്ടി മെതിക്കുവാനുള്ള അവസരം സൃഷ്ടിച്ചുകൊടുക്കുകയും ചെയ്യുന്നത് തികച്ചും ദൗർഭാഗ്യകരമാണ്. നമ്മുടെ പ്രീയ പ്രവാചകർ മുഹമ്മദ് (സ) യുടെ സുന്നത്തിനെയാണ് അവർ അവഹേളിക്കുന്നത്. ഈ ആഘോഷ വേളയിൽ അവർ സംഘടിപ്പിച്ചത് പ്രസ്തുത പാപന ഈദുൽഫിത്ർ കഴിഞ്ഞ് ഒരു മാസത്തിനു ശേഷമാണ്. എല്ലാ മുസ്ലിംകൾക്കും ശരിയായ മാതൃക അദ്ദേഹം കാട്ടേണ്ടതായിരുന്നു. അദ്ദേഹം മാത്രമല്ല നാം മുസ്ലിംകൾ എല്ലാവരും നല്ല മാതൃക കാട്ടേണ്ടവരാണ്. റമദാൻ മാസത്തിലൂടെ നാം പ്രകടിപ്പിച്ച നല്ല പ്രവർത്തനങ്ങൾ, മാതൃകകൾ, നാം തുടരേണ്ടതാണ്, നാം നല്ല മാതൃകകളായി വർത്തിക്കേണ്ടവരുമാണ്. നാം ആരേയും ഭീഷണിപ്പെടുത്തേണ്ടവരല്ല, ജിഹാദിനെ പോലുള്ള വാക്കുപയോഗിച്ച് ആരെയും ഭീഷണിപ്പെടുത്തുവാൻ ഒരിക്കലും പാടില്ലാത്തതാണ്. ആരുടെ നേരെയും റിവോൾവറുമായി പോകേണ്ടവരല്ല നാം സമാധാന ദൂതരാണ്.

റമദാൻ മാസത്തിൽ നിങ്ങൾ പഠിച്ച അധ്യാപനം ഇതാണോ ? അവിടെ സന്നിഹിതരായിരുന്ന മുല്ലാക്കളും മുസ്ലിംകളും ആ രാത്രിയിൽ, അദ്ദേഹത്തിന്റെ

പ്രസംഗം കേൾക്കുവാൻ കൂടയിരുന്നവർ, പ്രതിപക്ഷ നേതാവിനെതിരിൽ പ്രയോഗിച്ച് മോശം വാക്കുകൾ കേട്ടപ്പോൾ എന്തുകൊണ്ട് അത് തിരുത്തുവാൻ ആവശ്യപ്പെട്ടില്ല? അവർ (ഇത്തരം മുല്ലാക്കളും മുസ്ലിംകളും) അദ്ദേഹം പറഞ്ഞ മോശം വാക്കിനെതിരിൽ ശബ്ദമുയർത്തിയിരുന്നെങ്കിൽ അവർ യഥാർത്ഥ മുസ്ലിംകളാകുമായിരുന്നു. എന്നാൽ മറിച്ച് അവർ അദ്ദേഹത്തെ പിന്താങ്ങുകയായിരുന്നു അഥവാ ചെകിട്പൊട്ടന്മാരായിരിക്കുകയായിരുന്നു, അല്ലെങ്കിൽ എല്ലാ തെറ്റുകൾക്കും നേരെ, ഇസ്ലാമിന്റെ പേരിൽ അവർ ആരോപിക്കുന്ന എല്ലാ തെറ്റുകൾക്കും നേരെ, കണ്ണടച്ചിരിക്കുകയാണ്. ഇപ്പോൾ ജിഹാദിന്റെ പേരിലുള്ള തർക്കത്തിന്, അവർ ഇസ്ലാമിനെ പ്രതിരോധിക്കുന്നില്ല. അവർ അർഹിക്കുന്ന നിലയിൽ ജിഹാദിന്റെ രൂപം മാറിയിരിക്കുന്നു. ഇപ്പോൾ മാധ്യമങ്ങളും മൗറിഷ്യസിൽ അനേകരും, ജിഹാദ് എന്ന ആശയത്തിനെതിരിൽ വിപ്ലവരംഗത്താണ്. മുസ്ലിംകൾക്കെതിരിൽ അനേകരുടെ ഹൃദയത്തിൽ വംശീയ ശത്രുത കടത്തിവിട്ടിരിക്കുകയാണ്.

മറ്റൊരു വശത്ത് മൗറിഷ്യസിലെ അഹ്മദിയ്യാ മുസ്ലിം അസോസിയേഷനും 2017 ജൂലൈ 17-ാം തീയതി ഒരു ഈദ് പാർട്ടി, അവരും, സംഘടിപ്പിച്ചിരിക്കുന്നു. സദസ്സിനെ അഭിസംബോധന ചെയ്യാൻ രാഷ്ട്രീയക്കാരെയും അവർ ക്ഷണിച്ചിരിക്കുന്നു. ഈ സമ്മേളനത്തിന് അവർ വളരെയധികം പണം ചെലവഴിച്ചിരിക്കുന്നു. ഇതിൽ ഒട്ടും ശുഭകരമല്ലാത്ത ഒരു കാര്യം, ഈ വേദിയിൽ രാഷ്ട്രിയക്കാരെ ക്ഷണിച്ചിരുത്തുവാൻ ഉപയോഗിച്ചിരിക്കുന്നു. മറ്റ് അതിഥികളെയും ക്ഷണിച്ചിരിക്കുന്നു. 5-ാം ഖലീഫയുടെ ഒരു ഫിലിമും പ്രക്ഷേപണം ചെയ്യുന്നു. ഈദുൽഫിത്റിന്റെ തത്വചിന്ത ഇതാണോ ? അതിൽ എടുത്തു പറയേണ്ട ഒരു കാര്യം, മൗറിഷ്യസിൽ ജീവിക്കുന്ന എല്ലാ അഹ്മദികളും, എല്ലാ സമയവും ഒരേ മുഖങ്ങളാണ്, ഒരേ കുടുംബത്തെയാണ് ജമാഅത്തിന്റെ പ്രധാന അംഗങ്ങളായി കാണുന്നത്. പാവപ്പെട്ടവർ, സാധാരണ ജനം, മറ്റു ചന്ത കൊടുക്കുന്നവർ, അവരെ രംഗത്തൊന്നും കാണുന്നില്ല. മൗറിഷ്യസിലെ

അഹമദിയ്യാ ജമാഅത്തിൽ നിന്നും അല്ലാഹുവിന്റെ പ്രകാശം അപത്യക്ഷമായിരിക്കുന്നു. അതു മാത്രമല്ല പർദ ഇല്ലാതെ പോയിരിക്കുന്നു. ദേശീയ അസംബ്ലളിയിലെ സ്ത്രീ സ്പീക്കറെ ക്ഷണിച്ചു വരുത്തിയപ്പോൾ, അവരെ പുരുഷന്മാരുടെ ഇടയിൽ ഇരുത്തേണ്ടി വന്നു. ആത്മീയ പരിപാടിയിൽ സ്ത്രീകളെ ക്ഷണിക്കുന്നതിനെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. എന്നാൽ സ്ത്രീകൾ സ്ത്രീകളോടൊപ്പാമായിരിക്കണം. സ്ത്രീകൾക്ക് ഒരു നേതാവുണ്ടായിരിക്കണം. ആയതിനാൽ അഹമദീ സ്ത്രീകൾ അവിടെ ഉണ്ടായിരിക്കേണ്ടതാണ്. പർദ്ദ ധരിച്ചുകൊണ്ട് അവർ ക്ഷണിച്ച വനിതാ അതിഥിയെ അവർ സ്വീകരിക്കേണ്ടതാണ്. (അഥവാ അവർ ക്ഷണിച്ച ഏതു സ്ത്രീ ആയാലും ശരി) ഇസ്ലാമിൽ നിന്നു അകന്ന് പോയതുകൊണ്ടാണ് മറ്റൊരു ജമാഅത്തിനെയും അതിന്റെ പ്രതിനിധിയെയും അല്ലാഹു (ത) ഉയർത്തുവാനുള്ള കാരണം.

ത്രീവ്രവാദികൾ നശിപ്പിക്കുകയും കളങ്കപ്പെടുത്തുകയും ചെയ്ത ജിഹാദ് എന്ന വാക്കിന്റെ വിശദമായ വിവരണം നല്കേണ്ടത് എന്റെ ബാധ്യതയാണ്. ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ പ്രതിനിധി എന്ന നിലയിൽ !

ജഹദ എന്ന വാക്കിൽ നിന്നുമാണ് ജിഹാദ് എന്ന വാക്ക് ഉത്പന്നമായത്. ഇതിന്റെ അർത്ഥം കഠിന പ്രയത്നം ചെയ്യുക, പരമാവധി പരിശ്രമിക്കുക എന്നാകുന്നു. ജിഹാദ് എന്ന വാക്ക് വിശുദ്ധഖുർആനിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ അർത്ഥം ഉപപ്രധാനമന്ത്രി സൂദുൺ പറയുന്നതുപോലെയോ, അല്ലെങ്കിൽ ത്രീവ്രവാദികൾ പറയുന്നതുപോലെയോ, അല്ലെങ്കിൽ ലോകത്തിലെ അജ്ഞരായ ആളുകൾ പറയുന്നതുപോലെയോ അല്ല. അവർ നിങ്ങളെ തെറ്റായ നിലയിൽ വിശ്വസിപ്പിക്കുവാൻ ശ്രമിക്കുകയാണ്. ജിഹാദ് മൂന്ന് തരത്തിലുണ്ട്.

1. ജിഹാദ് അക്ബർ (ഏറ്റവും വലിയ ജിഹാദ്
2. ജിഹാദ് കബീർ (മഹത്തായ ജിഹാദ്
3. ജിഹാദ് സഗീർ (ചെറിയ ജിഹാദ്

## 1. ജിഹാദ് അക്ബർ : ഏറ്റവും വലിയ ജിഹാദ്

ജിഹാദ് അക്ബർ എന്നു പറയുന്നതു ഒരാൾ തന്റെ ശാരീരിക ഇച്ഛകൾക്കെതിരിൽ ശക്തമായി നിലകൊള്ളുക എന്നതാണ്. ചീത്തയായ സമീപനങ്ങൾക്കെതിരിൽ, ചീത്ത പ്രവർത്തികൾ ചെയ്യുവാനുള്ള വാസനകൾക്കെതിരിൽ, ഒരാൾ തന്റെ നഫ്സിന്റെ ഈ പ്രവണതകൾക്കെതിരിൽ വിശ്രമമില്ലാത്ത പോരാട്ടം സ്വയം തുടരുകയാണ് ഏറ്റവും വലിയ ജിഹാദ്. ഇത് നാം നമ്മുടെ നിത്യജീവിതത്തിൽ ചെയ്യേണ്ട നമ്മുടെ ഏറ്റവും വലിയ കടമയാകുന്നു. ഏറ്റവും മഹത്വ പൂർണ്ണമായ ഈ പോരാട്ടത്തിൽ നാം നമ്മുടെ മൃഗവാസനയിൽ നിന്നും പുറത്തുവരേണ്ടതാണ്. നാം ലക്ഷ്യമിടേണ്ടത്. പ്രാകൃതാവസ്ഥയിൽ നിന്നും മുക്തി പ്രാപിച്ച്, ഒരു യഥാർത്ഥ മനുഷ്യനായി തീരുവാനുള്ള കഠിന ശ്രമം അതാണ് ജിഹാദ് അക്ബർ. അങ്ങനെ നാം ധാർമ്മിക മൂല്യങ്ങൾ നേടി ആത്മീയ പുരോഗതി നേടുവാനുള്ള മനുഷ്യന്റെ ദൈനംദിന പ്രവർത്തനമാണ് ജിഹാദ് അക്ബർ

## 2. ജിഹാദ് കബീർ (മഹത്തായ ജിഹാദ്)

ഇസ്ലാമിന്റെ സമാധാന സന്ദേശം നമുക്ക് ചുറ്റും പ്രചരിപ്പിക്കുക എന്നത് ഒരോ മുസ്ലിമിന്റെയും ബാധ്യതയാണ്. ഈ സത്യസന്ദേശം സമാധാന പ്രചാരണത്തിൽ നാം ദൈവീക വചനം പ്രത്യേകം ഓർക്കേണ്ടതാണ്.

മതത്തിൽ യാതൊരു വിധ നിർബന്ധങ്ങളും പാടില്ല (2 : 257)

മുസ്ലിംകൾ എന്ന നിലയിൽ നമ്മുടെ ബാധ്യതയാണ് സമാധാന സന്ദേശം വ്യാപിപ്പിക്കുക എന്നത്. ഹൃദയ നൈർമല്യത്തോടെയും സമാധാന പൂർണ്ണമായും വേണം അതു നിർവ്വഹിക്കുവാൻ. ഒരേ ഒരു ദൈവമെ ഉള്ളു എന്നു പറഞ്ഞുകൊണ്ട് എല്ലാവരും അതു അംഗീകരിച്ചുകൊള്ളണം എന്നുള്ള യാതൊരുവിധ സമ്മർദ്ദങ്ങളും നടത്തുവാൻ ഇസ്ലാം ഒരിക്കലും പറഞ്ഞിട്ടില്ല. അപ്രകാരം ആരെങ്കിലും ചെയ്യുന്നുവെങ്കിൽ അവർ മുസ്ലിംകളോ

ഇസ്ലാമിന്റെ സമാധാന സന്ദേശവാഹകരോ അല്ല. അവർ ത്രീവ്രവാദികളും ഭീകരവാദികളുമാണ്. അതുകൊണ്ടു തന്നെ ഇസ്ലാമിന്റെ ശത്രുക്കളുമാണ്. ഇസ്ലാം ഏറ്റവും നല്ല മതമാണ്. അതൊരു ജീവിത രീതിയാണ്, സമാധാന വഴിയാണ്. ഓരോ മനുഷ്യനും തന്റെ ശാരീരിക ഇച്ഛകൾക്ക് വഴിപ്പെടാതെ ദിനവും ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ആത്മീയ പാതയിൽ മുന്നേറി ദൈവസാമീപ്യം പ്രാപിക്കുവനാണ് അതാവശ്യപ്പെടുന്നത്. ഈ പറയപ്പെട്ട ഏറ്റവും വലിയ ജിഹാദിൽ നാം വിജയിച്ചാൽ നാം ഉചിതമായ സ്ഥാനത്ത് എത്തിച്ചേരുന്നതാണ്. സമാധാനത്തിലൂടെ, ദൈവീക സഹായത്താൽ, മനുഷ്യരെ ദൈവത്തിലേക്ക് ക്ഷണിക്കുവാൻ കഴിയുന്നതാണ്. ദൈവത്തിനായി സ്വയം സമർപ്പിതരാവുക, അതിലൂടെയാണ് മാനവമോക്ഷം എന്ന സന്ദേശം നമുക്ക് മാനവരാശിക്കു പങ്കുവെയ്ക്കുവാൻ സാധിക്കുന്നതാണ്.

## 3. ജിഹാദ് സഗീർ : ചെറിയ ജിഹാദ്

ഇത് ഭരണകൂടവുമായി ബന്ധപ്പെട്ട ജിഹാദാണ്. ഇവിടെ ഞാൻ ഊന്നിപറയുവാൻ ആഗ്രഹിക്കുയാണ്, ഈ ജിഹാദ് ഒരു യുദ്ധമോ പോരാട്ടമോ, ആകാവുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ നാം ആയുധമെടുക്കേണ്ടി വരുന്നതാണ്. എന്നാൽ ഞാൻ ആവർത്തിച്ച് തറപ്പിച്ചു പറയുന്നു. ശത്രു നമ്മെ ആക്രമിക്കാൻ വരുമ്പോൾ സ്വയം രക്ഷയ്ക്കു ചെയ്യുന്ന പോരാട്ടമാണിത്. അത്തരം സന്ദർഭങ്ങളിൽ സ്വയം രക്ഷയ്ക്കായി ചെയ്യുന്ന പോരാട്ടമാണിത്. അത്തരം സന്ദർഭങ്ങളിൽ സ്വയം രക്ഷയ്ക്കായി മാത്രമെ ആയുധമെടുക്കാവു എന്ന് ഇസ്ലാം തറപ്പിച്ചു പറയുന്നു. പ്രതിരോധ യുദ്ധമല്ലാതെ മറ്റൊരുയുദ്ധവും ഇസ്ലാമിലില്ല. അല്ലാഹുവും അവന്റെ ദൂതൻ മുഹമ്മദ് (സ) യും ഇത്തരം പ്രതിരോധ നടപടി മാത്രമാണ് അനുവദനീയമാക്കിയിട്ടുള്ളത്. നോൺ ഇസ്ലാമിക ഭരണകൂടങ്ങൾ പോലും പ്രതിരോധയുദ്ധങ്ങൾ അനുവദനീയമാക്കിട്ടുള്ളതാകുന്നു. എന്ന് നാം ഇത്തരണുത്തിൽ ഓർക്കേണ്ടതാണ്. ഒരു മുസ്ലിം എന്ന നിലയിൽ നമ്മുടെ

ജീവനും സ്വത്തും സംരക്ഷിക്കുവാനുള്ള ഒരു അവകാശം മാത്രമാണ് ജിഹാദ് സഗീർ. ഇസ്ലാമിനെ ഉന്മൂല നാശം വരുത്തുവാനുള്ള ശത്രുവിന്റെ ആക്രമണത്തെ പ്രതിരോധിക്കലാണ് ജിഹാദ് സഗീർ. ഇത് തികച്ചും പ്രതിരോധയുദ്ധം മാത്രമാണ്. ഇത് ഒരിക്കലും അങ്ങോട്ട് കയറിയുള്ള ഒരു യുദ്ധമല്ല. !

നിങ്ങളുടെ മുസ്ലിംകളോ അല്ലാത്തവരോ ആയ സഹോദരങ്ങളെ അങ്ങോട്ടു പോയി ആക്രമിക്കുവാൻ ഇസ്ലാം ഒരിക്കലും അനുവദിക്കുന്നില്ല. ഭൗതിക ലോകത്തിലെ അവരുടെ അധികാരങ്ങൾ പിടിച്ചെടുക്കുവാനോ, ധനം കവർന്നെടുക്കുവാനോ, അവരുടെ സ്ഥാനമാനങ്ങൾ ഇല്ലായ്മ ചെയ്യുവാനോ ഇസ്ലാം ഒരിക്കലും അനുവദിക്കുന്നില്ല. രാഷ്ട്രങ്ങളും ഭൂപ്രദേശങ്ങളും പിടിച്ചടക്കുവാൻ അനുവദിക്കുന്നില്ല. ലോകത്ത് ഇസ്ലാമിന്റെ അസ്ഥിത്വം നിലനിർത്തുവാൻ, അതിന്റെ സാന്നിദ്ധ്യം ഉറപ്പിക്കുവാൻ, ദൈവമാർഗത്തിൽ സ്വയം പ്രതിരോധിച്ച് ശക്തിപ്പെടുവാനുള്ള ഒരനുവാദം മാത്രമാണ് ജിഹാദ് സഗീർ. ആയുധങ്ങളില്ലാതെയും ഈ ജിഹാദ് ചെയ്യാവുന്നതാണ്. നിങ്ങളെ കൊല്ലാൻ ഒരാൾ വന്നു എന്ന് കരുതുക. നിങ്ങൾ ഒരു മുസ്ലിം ആണ് എന്ന കാരണത്താൽ ! നിങ്ങളുടെ കയ്യിൽ ആയുധമൊന്നുമില്ല എന്നു കരുതുക. നിങ്ങൾക്ക് നിങ്ങളുടെ നല്ല വാക്കുകൾ കൊണ്ട് അല്ലാഹുവിന്റെ സഹായത്താൽ, ദുആ യുടെ സഹായത്താൽ, ആക്രമിക്കാൻ വന്ന വ്യക്തിക്ക് പെട്ടെന്ന് മനപരിവർത്തനം വന്നു എന്നു വരാം. നിങ്ങളെ ആക്രമിക്കുന്നതിൽ നിന്ന് അദ്ദേഹം പിന്മാറിയേക്കാം.. ഒരു പക്ഷേ അദ്ദേഹം ഒരു മുസ്ലിമായി തീരുകയും ചെയ്യാം. ഈ സത്യതയിലേക്കുള്ള ഒരു ഉദാഹരണം പരസ്യമായി നിലനില്ക്കുന്നു.

ഇസ്ലാമിന്റെ ആരംഭകാലത്ത് മുഹമ്മദ് (സ) യുടെ കാലത്ത്, ഇസ്ലാമിന്റെ കഠിന ശത്രുവായിരുന്ന ഉമറുബ്നു ഖത്താബ് തന്റെ വാളെടുത്തു മുഹമ്മദ് (സ)നെ കൊല്ലാനായി വരികയുണ്ടായി. എന്നാൽ വഴി മധ്യേ അദ്ദേഹത്തിന്റെ സഹോദയരിയും, അളിയനും ഇസ്ലാം മതം സ്വീകരിച്ചു എന്നറിഞ്ഞു. അങ്ങനെ അദ്ദേഹം നേരെ സഹോദരിയുടെയും അളിയന്റെയും വീട്ടിലേക്ക് തിരിച്ചു അദ്ദേഹം

കോപാകുലനായിരുന്നു. കയ്യിൽ ഊരിപിടിച്ച വാളുമുണ്ടായിരുന്നു. അവരുടെ വീടിന്റെ അടുത്തെത്തിയപ്പോൾ അദ്ദേഹം വീട്ടിൽ നിന്നും സൂറ : താഹ പാരയണം ചെയ്യുന്നതു കേൾക്കുകയുണ്ടായി.

ആദ്യം അദ്ദേഹം തന്റെ സഹോദരിയെയും അളിയനെയും ആക്രമിച്ചു. സഹോദരിക്ക് മുറിവ് പറ്റി. രക്തം വന്നപ്പോൾ തന്റെ പ്രവർത്തിയിൽ അദ്ദേഹം ഖേദിച്ചു നിങ്ങൾ പാരയണം ചെയ്തു കൊണ്ടിരുന്ന ദൈവീക വെളിപാടുകൾ പാരായണം ചെയ്യുവാനായി ആവശ്യപ്പെട്ടു. ദൈവീകവചനത്തെ സ്പർശിക്കുന്നതിന് മുൻപ് കുളിച്ച് ശുദ്ധി ആയിവരുവാൻ ആവശ്യപ്പെടുകയുണ്ടായി. ശുദ്ധി ആയി വന്ന ശേഷം അദ്ദേഹം സുറാ : താഹ പാരായണം ചെയ്തു. അതേ തുടർന്ന് അദ്ദേഹം പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ

നെ കാണാൻ പോയി. അദ്ദേഹത്തിന്റെ മനസ്സ് നിറയെ മുഹമ്മദ (സ) നെ കുറിച്ചുള്ള ശത്രുതയാൽ നിറഞ്ഞു നില്ക്കുകയായിരുന്നു. മുഹമ്മദ് (സ) നെ കൊല്ലുവാൻ തയ്യാറാക്കിയ പദ്ധതിക്ക് പകരം, അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഇസ്ലാം പ്രവേശിക്കുകയും മുസ്ലിമായി തീരുകയും ചെയ്തു. തുടർന്ന് അദ്ദേഹം ഒരു കാര്യം മനസ്സിലാക്കി. ഹസ്രത് മുഹമ്മദ് (സ) ഇസ്ലാമിന്റെ വലിയ രണ്ടു ശത്രുക്കളായിരുന്ന ഉമറോ അല്ലെങ്കിൽ അബൂജഹലോ രണ്ടിൽ ഒരാൾ ഇസ്ലാമിൽ പ്രവേശിക്കുവാനായി ദുആ ചെയ്തിരിന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദുആയുടെ ഫലമായി അസാധ്യമമെന്നു തോന്നാവുന്ന കാര്യങ്ങൾ സാദ്ധ്യങ്ങളായി തീരാവുന്നതാണ്. ഇസ്ലാമിന്റെ ഒരു ഏറ്റവും വലിയ ശത്രു ഇസ്ലാമിന്റെ ഒരു ഏറ്റവും വലിയ സംരക്ഷകനായി മാറി. അദ്ദേഹം ഇസ്ലാമിന്റെ രണ്ടാമത്തെ ഖലീഫ ആയി. ഇന്നും നാം അദ്ദേഹത്തെ ആദരപൂർവ്വം ഹസ്രത് ഉമറുൽ ഫാറുഖ് എന്ന് വിളിക്കുന്നു. (സത്യവും അസത്യവും വേർതിരിക്കുന്നവൻ)

മുൻ കഴിഞ്ഞ മഹാന്മാരായ പ്രവാചകന്മാരുടെ മകുടമായ പ്രവാചകൻ മുഹമ്മദ് (സ) യുടെ മാതൃക പിന്തുടരുക. തന്റെയോ തന്റെ കുടുംബത്തിന്റെയോ

പേരിൽഒരുജിഹാദും ഇന്ന് സാധാരണ മുസ്ലിംങ്ങൾ പറയുന്ന നിലയിൽ നടത്തിയിട്ടില്ല. അദ്ദേഹം നടത്തിയ എല്ലാ പോരാട്ടങ്ങളും ദൈവച്ഛയുടെ പൂർത്തീകരണത്തിനായിരുന്നു. ദൈവീക നിർദ്ദേശങ്ങളനുസരിച്ചായിരുന്നു. അതിലൂടെ അറേബ്യയിലും ലോകത്തും ഇസ്ലാമിന്റെ സാന്നിധ്യവും, നിലനില്പും മാന്യതയും നിലനിർത്തുന്നതിനു വേണ്ടി ആയിരുന്നു.

തന്റെ മകളായ സൈനബിന്റെയും ചെറുമകന്റെയും മരണം സംബന്ധമായി ശത്രുക്കൾ പ്രകോപനമുണ്ടാക്കിയെങ്കിലും, അദ്ദേഹം വ്യക്തിപരമായ ഒരു പകരം വീട്ടലിനും തയ്യാറായില്ല. മറിച്ച് അദ്ദേഹം ഒരു സമ്പൂർണ്ണ മനുഷ്യനെന്ന നിലയിലും ഒരു സമ്പൂർണ്ണ പ്രവാചകനെന്ന നിലയിലും മാതൃക പരമായി പെരുമാറി. ഏറ്റവും മുന്തിയ പരിഗണന അദ്ദേഹം നല്കിയത് അല്ലാഹുവിനാണ്, അവന്റെ മഹത്വത്തിനാണ് അവന്റെ സ്ഥാനഗരിമയ്ക്കാണ്. തന്റെ മകളുടെയും പേരക്കുട്ടിയുടെയും മരണത്തിന് കാരണഭൂതരായവരോട് അദ്ദേഹം ക്ഷമിച്ചു. അല്ലാഹുവിന്റെ മഹത്വത്തിന്റെ, സംരക്ഷണത്തിനായിട്ടായിരുന്നു അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളും. അതിലൂടെ ജനങ്ങളുടെ ഹൃദയങ്ങൾക്ക് പരിവർത്തനമുണ്ടാക്കുക. അങ്ങനെ അവർ അല്ലാഹുവിന്റെ മഹത്വം മനസ്സിലാക്കട്ടെ ! തീർച്ചയായും അദ്ദേഹത്തിന് അവരുടെ ഹൃദയങ്ങൾക്ക് മാറ്റം വരുത്തുവാനുള്ള കഴിവില്ല. എന്നാൽ ഇക്കാര്യത്തിൽ അല്ലാഹു (ത) അദ്ദേഹത്തെ വളരെയധികം സഹായിച്ചു. അങ്ങനെ അദ്ദേഹം ആവശ്യമായ പ്രയത്നങ്ങൾ ചെയ്തപ്പോൾ പ്രസ്തുത എളിയ പ്രയത്നത്തിൽ അല്ലാഹു (ത) അവന്റെ ശക്തി പ്രഭാവത്തിന്റെ അനുഗ്രഹം കൂടി നല്കി, കാടത്തമാർന്ന അവരുടെ ഹൃദയങ്ങളിൽ പ്രകാശശക്തി പകർന്ന് അവരെ മുസ്ലിംകളാക്കി തീർത്തു. അതുപോലെ, ദൈവീക സഹായത്താൽ ഹസ്രത് മുഹമ്മദ്(സ) ജിഹാദ് അക്ബറും, ജിഹാദെ കബീറും, ജിഹാദെ സഗീറും എന്താണന്നും എങ്ങനെയാണ് ജീവിതത്തിന്റെ വിവിധ മേഖലകളിൽ അത്

പ്രാവർത്തികമാക്കേണ്ടതെന്നും ജനങ്ങളെ പഠിപ്പിക്കുന്നതിൽ അദ്ദേഹം വിജയിച്ചു.

മുസ്ലിംകളിൽ വളരെയധികം പേരും വേണ്ട വിധം മനസ്സിലാക്കിയിട്ടില്ലാത്ത ജിഹാദിന്റെ ചുരുങ്ങിയ യഥാർത്ഥമായ വിശദീകരണമാണിത്. നമ്മുടെ അംഗങ്ങൾക്കും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ പ്രീയ അനുചരന്മാർക്കും, ലോകമെമ്പാടുമുള്ള നമ്മുടെ മുസ്ലിം സഹോദരീ സഹോദരന്മാർക്കും, അതുപോലെ മുസ്ലിംകളല്ലാത്ത സഹോദരങ്ങൾക്കും, ജിഹാദിന്റെ അർത്ഥം എന്താണ് എന്ന് അറിയാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും ഈ വിശദീകരണം സഹായകരമായിരിക്കും എന്നാണ് എന്റെ പ്രതീക്ഷ. ജിഹാദ് എന്ന വാക്ക് കേൾക്കുമ്പോൾ ഭയപ്പെടേണ്ട ഒരു വാക്കല്ല അത് എന്ന് നാം തിരിച്ചറിയണം, മറിച്ച് ജിഹാദ് എന്നതു അതിമനോഹരമായ ഒരു ധർമ്മ സമരമാണ്. (നിയമരഹിതമായ ഒരു മാർഗം അല്ലേ അല്ല !) വാഗ്ദത്തമസീഹ് (അ)ന്റെ കാലത്ത് അദ്ദേഹം പ്രഖ്യാപിച്ചതുപോലെ അദ്ദേഹം പറഞ്ഞു. ഇക്കാലത്തെ ജിഹാദ് പേനകൊണ്ടാണ്. ഇസ്ലാമിന് അനുകൂലമായി അതിശക്തമായ വാദമുഖങ്ങൾ കൊണ്ടാണ് അത് നിറവേറ്റപ്പെടുന്നത്. അതിലൂടെയാണ് യഥാർത്ഥ ഇസ്ലാം വ്യാപിക്കുന്നത്. സഹീഹിൽ ഇസ്ലാം പുനഃസ്ഥാപനം അങ്ങനെയാണ് നിറവേറ്റപ്പെടുക ഇൻശാ അല്ലാഹ് ! ആമീൻ .........

**Translated by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**